റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതുകൂടാതെ, പാലക്കാട്/തൃശ്ശൂർ, കൽപ്പറ്റ, ബത്തേരി, മാനന്തവാടി, പുൽപ്പള്ളി, നിലമ്പൂർ, കാസർകോട് എന്നിവിടങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി സെക്ടറൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, മണ്ണാർക്കാട് ആസ്ഥാനമാക്കി ഒരു സെക്ടറൽ ഓഫീസും കൂടി പുതുതായി അനുവദിച്ചിട്ടുണ്ട്.

പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രം രൂപം കൊടുത്ത പദ്ധതി

200 (8036) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രം രൂപം കൊടുത്ത പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര രൂപ ലഭിച്ചു ; എത്ര രൂപ ചെലവഴിച്ചു ;

(ബി) ഓരോ വർഷവും ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയത്, ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പാക്കിയത് ; ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്ര ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ; പദ്ധതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രം രൂപീകരിച്ച പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ കുറിക്കുന്നു:

	വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
1	2011-12	11.55 കോടി	9.77 കോടി
2	2012-13	37 കോടി	36.93 കോടി
3	2013-14	57 കോടി	56.82 കോടി

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.* പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്ന കാസർകോട്, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ വിവിധ കോളനികളിൽ പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ കാലാവധി 2015 മാർച്ചിൽ അവസാനിക്കും.

പട്ടികവർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ നടപടികൾ

201 (8037) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും പെൺകുട്ടികളും ബലാൽസംഗത്തിനും പീഡനത്തിനും ഇരയായിട്ടുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ബലാൽസംഗത്തിന് ഇരയായി എത്ര പട്ടികവർഗ്ഗ സ്ത്രീകളും പെൺകുട്ടികളും ആണ് കൊല ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) വനമേഖലയിലെ ദുർഘടജീവിതസാഹചര്യങ്ങളാൽ സാമൂഹ്യപരമായും സാമ്പത്തികപരമായും ഏറെ അവശത അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെയും പെൺകുട്ടികളെയും ചൂഷണമുക്തമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 177 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) രണ്ട്.

(സി) ഉണ്ട്.

(ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും തദ്ദേശീയരായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly